തുടർന്ന് അത് അവിടെനിന്നും മാറ്റാൻ തീരുമാനിച്ചു. മാറ്റുന്നതിനുള്ള സ്ഥലം നിർദ്ദേശിച്ചു. ബഹുമാനപ്പെട്ട എം. എൽ. എ. ഉൾപ്പെടെയുള്ള ആളുകൾ ആലോചിച്ച് ചില തീരുമാനങ്ങളെടുത്തു. മാറ്റാനുള്ള തീരുമാനം എല്ലാവരും അംഗീകരിക്കുകയും ചെയ്തു. അതിനെത്തുടർന്ന് ഈ മാറ്റുന്ന സ്ഥലം നന്നാക്കുന്നതുവരെ ഇപ്പോഴുള്ള സ്ഥലത്തുതന്നെ തൽക്കാലം ഇടാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. ഡി. എസ്. പി. ഇടപെട്ട് 30-6-86 വരെ അവിടെ ഉള്ള കാറുകൾ ഇടണമെന്നും പുതിയ കാറുകളൊന്നും ഇടാൻ സമ്മതിക്കേണ്ടയെന്നും നിർദ്ദേശിച്ചു. ഒരു ടാക്സിക്കാരനൊഴിച്ച് ബാക്കിയെല്ലാപേരും അതനുസരിച്ചു. ഒരാൾ മാത്രം പോകാൻ കൂട്ടാക്കാതെയിരുന്നു. അത് മറ്റു ചിലരുടെ പ്രേരണകൊണ്ടാണെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. ഇന്നു കാലത്ത് കിട്ടിയ റിപ്പോർട്ടാണ്. ഇന്ന് കാലത്ത് ഒരു വിവരം കിട്ടിയാൽ അത് മുഴുവൻ പഠിച്ച് പറയാനൊന്നും സാധിക്കുകയില്ല. ഞാൻ കിട്ടിയ റിപ്പോർട്ടനുസരിച്ചാണ് പറയുന്നത്. അതിനെത്തുടർന്ന് അവിടെ സംഘട്ടനമുണ്ടായി. ഇവർ തമ്മിൽ ഉന്തും തള്ളും ബഹളവുമായി. അവസാനം നിർദ്ദേശം സ്വീകരിക്കാത്ത ആളുകളുടെ പേരിൽ പെറ്റിക്കേസ് എടുത്തിട്ടുണ്ട്. ഒരു ടാക്സിക്കാരനൊഴിച്ച് ബാക്കിയുള്ള ആളുകൾ പോകാൻ സമ്മതിച്ചിട്ടുണ്ട്. ഏതായാലും ആ സെറ്റിൽമെന്റ് നടപ്പിലാക്കാനാവശ്യമായ നിർദ്ദേശം കൊടുക്കാം. അതിനെക്കുറിച്ച് മറ്റു വിവരങ്ങളൊന്നും എന്റെ മുമ്പാകെയില്ല.

(5) പുനലൂരിലെ വെട്ടിപ്പുഴ പാലം

ശ്രീ. പി. സുരേന്ദ്രൻപിള്ള: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വളരെ പ്രധാനപ്പെട്ട പാലമാണ് പുനലൂർ-വെട്ടിപ്പുഴ പാലം. 1981-ൽ ഈ പാലംപണി ഗവൺമെന്റ് തുടങ്ങിയതാണ്. 1981-ൽ പാലംപണി തുടങ്ങിയതിനുശേഷം എന്തോ ചെറിയ കാര്യം പറഞ്ഞ് കോൺട്രാക്ടർ വർക്ക് ഇട്ടിട്ട് പോയി. വർക്ക് ഇട്ടിട്ട് പോയതിനുശേഷം കോൺട്രാക്ടർ ഹൈക്കോടതിയിൽ പോയി പെറ്റീഷൻ കൊടുക്കുകയും കേസ് നടത്തുകയും ചെയ്തു. അതിനുശേഷം ഈ വർക്ക് വളരെ അടിയന്തിരപ്രാധാന്യമുള്ള ഒരു വർക്കാണെന്നും ഈ പാലം തീർന്നില്ലെങ്കിൽ തിരുവനന്തപുരം-പത്തനംതിട്ട ഗതാഗതമാകെ തകരാറിലാവുമെന്നും അതുകൊണ്ട് ഈ വർക്ക് അടിയന്തിരമായി ഏറ്റെടുത്ത് നടത്തണമെന്നും ഹൈക്കോടതി ഉത്തരവുണ്ടായി. അതിനുശേഷം അന്ന് പത്ത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റോടുകൂടി പാലം ടെണ്ടർ ചെയ്തുവെങ്കിലും നാലഞ്ചു വർഷം പിന്നിട്ടപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റിനുവേണ്ടി ഗവൺമെന്റിലേക്ക് എഴുതി. റിവൈസ്ഡ് എസ്റ്റിമേറ്റിന് ഗവൺമെന്റ് അനുമതികൊടുക്കാതെ ടെണ്ടർ ചെയ്യാതെ പാലംപണി നടത്താതിരിക്കുകയാണ്. വളരെ അടിയന്തിരപ്രാധാന്യമുള്ള ഈ കാര്യത്തിന് എത്രയും പെട്ടെന്ന് റിവൈസ്ഡ് എസ്റ്റിമേറ്റിന് സാംഗ്ഷൻ കൊടുത്ത് വർക്ക് ടെണ്ടർ ചെയ്യിച്ച് നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അബുക്കാദർകുട്ടിനഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 1981-ൽ അല്ല ഇതിന്റെ പണി ആരംഭിച്ചത്. 1978-ൽ തന്നെ വെട്ടിപ്പുഴ പാലത്തിന് 9.05 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയുണ്ടായി. ആ പാലം പൊളിച്ച് അവിടെത്തന്നെ പണിയുന്നതുകൊണ്ട് നിലവിലുള്ള പാലം പൊളിക്കുകയും മറ്റൊരു വഴിയിൽകൂടി ഗതാഗതം തിരിച്ചുവിടുകയും ചെയ്തു. ഗതാഗതം തിരിച്ചുവിട്ട ഒരു ഭാഗത്തുള്ള റോഡ് മുനിസിപ്പാലിറ്റിയുടേതായിരുന്നു. നിർഭാഗ്യവശാൽ മുനിസിപ്പാലിറ്റി ആ റോഡ് നന്നാക്കാൻ സമ്മതിച്ചില്ല. അതുകാരണം ആ പദ്ധതി കൊല്ലങ്ങളോളം നീണ്ടുപോയി. പിന്നീട് മറ്റൊരു അലൈൻമെന്റ് കണ്ടുപിടിച്ചു. ആ അലൈൻമെന്റ് വന്നപ്പോഴും മുനിസിപ്പാലിറ്റിയും പാലം നിർമ്മാണകമ്മിറ്റിയും തമ്മിലുള്ള തർക്കംമൂലം വളരെകാലം നീണ്ടുപോയി. അവസാനം ഇപ്പോൾ 19 ലക്ഷത്തിലധികം രൂപ ചെലവ് വരുന്ന ഒരു എസ്റ്റിമേറ്റ് ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ഏകദേശം അതിന്റെ അലൈൻമെന്റ് എല്ലാം തീരുമാനിച്ചിട്ടുണ്ട്. ഇതിന് എന്തെങ്കിലും താമസമുണ്ടായിട്ടുണ്ടെങ്കിൽ അതിൽ ഏറിയ പങ്ക് ഉത്തരവാദിത്വവും പുനലൂർ മുനിസിപ്പാലിറ്റിക്കാണെന്നുള്ള കാര്യം ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ഇനി മേലിലെങ്കിലും ആ തടസ്സം ഉണ്ടാകാതിരിക്കാൻ മെമ്പർ ശ്രദ്ധിക്കുകയാണെങ്കിൽ ഈ വർഷംതന്നെ പാലത്തിന്റെ പണി തുടങ്ങാൻ സാധിക്കും.

(6) എ. പി. മോഹനന്റെ കൊലപാതകം

ശ്രീ. വി. ദിനകരൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പുന്നപ്ര പഞ്ചായത്തിൽ കഴിഞ്ഞ വ്യാഴാഴ്ച മൂന്നു മണിയോടുകൂടി നടന്ന ഒരു അരുംകൊലപാതകത്തിന്റെ ദയനീയചിത്രം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽകൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. അടിയന്തിരപ്രമേയത്തിന് പ്രാധാന്യമുള്ള ഒരു വിഷയമാണ്. അത് അവതരിപ്പിക്കാൻ ബാധ്യസ്ഥരായവർ തയ്യാറാകാത്തതുകൊണ്ടാണ് ഞാൻ ഈ പ്രശ്നം അവതരിപ്പിക്കുന്നത്. പുന്നപ്ര പഞ്ചായത്തിലെ സി. പി. ഐ. യുടെ അറവുകാട് ബ്രാഞ്ച് സെക്രട്ടറിയും പുന്നപ്ര ലോക്കൽ കമ്മിറ്റി മെമ്പറും എ. ഐ. വൈ. എഫ്. താലൂക്ക് കമ്മിറ്റി മെമ്പറുമായിരുന്ന ശ്രീ. എ. പി. മോഹനൻ എന്ന ചെറുപ്പക്കാരനെ കഴിഞ്ഞ വ്യാഴാഴ്ച പകൽ മൂന്നരമണിക്ക് അദ്ദേഹത്തിന്റെ വീട്ടുമുറ്റത്തുവച്ച് നാല്പതോളം വരുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ പ്രവർത്തകർ വടിവാൾ, കഠാരി, മഴു തുടങ്ങിയ മാരകായുധങ്ങളുപയോഗിച്ച് മൃഗീയമായി കൊലപ്പെടുത്തി. ഞാൻ ആ വീട്ടിൽ പോയിരുന്നു. നാലു സഹോദരിമാരും രണ്ട് സഹോദരൻമാരും വൃദ്ധയായ മാതാവുമാണ് മോഹനന്റെ വീട്ടിലുള്ളത്. മൃത്യു സഹോദരന്റെ ഒരു കൈ വാത്സല്യപൂർവ്വം പിടിച്ച് തളർന്നിരിക്കുകയാണ്. വൃദ്ധയായ മാതാവും ആ സഹോദരനും വാവിട്ടുകരഞ്ഞുകൊണ്ട് കൊല്ലരുതേ എന്നു പറഞ്ഞു. എന്നാൽ അവരുടെ മുമ്പിലിട്ട് നിഷ്ഠൂരമായി കൊലചെയ്തു. കുടൽ വെളിയിൽചാടി തലയറ്റുകിടന്നു. ഇവർ ആയുധവുമായി വരുന്നത് കണ്ട ആരോ ഒരാൾ പോലീസിൽ റിപ്പോർട്ടുചെയ്തു. പോലീസുകാർ വന്നു. ആ സമയത്ത് അവർ ക്രൂരകൃത്യം നടത്തി രക്ഷപ്പെട്ടു കഴിഞ്ഞിരുന്നു.

സർ, ആ സംഭവം വിവരിക്കാൻപോലും ആ വൃദ്ധയായ മാതാവും സഹോദരീസഹോദരൻമാരും തയ്യാറാകുന്നില്ല. എന്റെകൂടെ വന്നവർ ആരാണെന്നറിഞ്ഞതിനുശേഷം മാത്രമാണ് ആ വിവരംതന്നെ പറയാൻ

LIBRARY ARCHIVES Kerala Legislative Assembly